# OASIS

Older Adults Sharing In Service

## NEWS BULLETIN

STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE

**Vol. 2 Book 3 Regd. No. ER/450/2001 Date:31.03.2020**


# അന്താരാഷ്ട്ര വനിതാ ദിനം മാർച്ച് 8ന്






സ്ത്രീ ശക്തീകരണത്തിന്റെ ഭാഗമായ ഒരു മികച്ച നാഴിക ക്കല്ലാണ് അന്താരാഷ്ട്ര വനിതാ ദിനാചരണം. ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം, രാഷ്ട്രീയം, തൊഴിൽ, കുടുംബം തുടങ്ങിയ മേഖലകളിൽ സ്ത്രീ നേടിയ മുന്നേറ്റത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ ദിവസം.

ദേശത്തിന്റെ അതിരുകൾക്കപ്പുറത്ത്, ലോകമെമ്പാടുമുള്ള വനിതകൾക്കായി ഒരു ദിനം എന്ന ചിന്തയിൽ നിന്നാണ് വനിതാ ദിനാചരണം ഉരുത്തിരിഞ്ഞത്. അന്താരാഷ്ട്ര വനിതാദിനം (International women's day) എല്ലാ വർഷവും മാർച്ച് 8 -ാം തീയതി ആചരിക്കുന്നു. ഈ ദിനത്തിന് ഒരുപാട് ചരിത്ര നിമിഷങ്ങളുടെ ഓർമകൾ കൂട്ടുണ്ട്. സ്വന്തം ജോലി സ്ഥലത്തെ സൗകര്യങ്ങളും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്താനായി സ്ത്രീകൾ നടത്തിയ മുന്നേറ്റത്തിന്റെ പിൻബലവും, വ്യവസായ കുത്തകകളുടെ ആധിപത്യത്തിനുമേൽ വിയർപ്പും ശക്തിയും കൊണ്ട് സ്ത്രീകൾ വരിച്ച വിജയത്തിന്റെ കഥയും അവയിൽ പ്രധാനപ്പെട്ടവ. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വ്യാവസായിക വളർച്ചയിലേക്ക് കാലൂന്നിയിരുന്ന പല രാജ്യങ്ങളിലും കുറഞ്ഞ വേതനത്തിലും മോശപ്പെട്ട തൊഴിൽ ചുറ്റുപാടിലും ജീവിക്കേണ്ടിവന്ന സ്ത്രീകളുടെ കരളുറപ്പിsâ അനുസ്മ രണമാണ് അന്താരാഷ്ട്ര വനിതാദിനമെന്ന ആശയത്തിന് പാതയൊരുക്കിയത്. യാഥാസ്ഥിക

പുരുഷാധിപത്യ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ ശാരീരികവും, മാനസികവും, സാമൂഹികവുമായ ശക്തീകരണം (Empowerment) ഇതിന്റെ ഭാഗമാണ്. ലിംഗസമത്വം (Gender Equality), ലിംഗനീതി തുടങ്ങിയ ആശയങ്ങൾ ഇതുമായി ബന്ധപെട്ടു ഉയർത്തിപ്പിടിക്കാറുണ്ട്. സ്ത്രീകളോടുള്ള വിവേചനവും (Discrimination) അതിക്രമങ്ങളും അവസാനിപ്പിക്കുക എന്നതും അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്.

**"തുല്യതയ്ക്കായ് ഒന്നിച്ചു നിൽക്കാം"**

**ഇതാണ് ഈ വർഷത്തെ**
**അന്താരാഷ്ട്ര വനിതാദിന മുദ്രാവാക്യം**

## വാർദ്ധ്യക്യം

വാർദ്ധ്യക്യം* ഒരു അനിവാര്യതയാണ്. മാനസികമായി അല്പം തയാറെടുപ്പ് നടത്തിയാൽ ആത്മവിശ്വാസത്തോടെ അതിനെ നേരിടാൻ കഴിയും.

1. പ്രായമേറുന്തോറും നമുക്ക് വേണ്ടപ്പെട്ടവരുടെ എണ്ണം കുറഞ്ഞുകൊണ്ടേയിരിക്കും. മാതാപിതാക്കളും അതിനു മുമ്പുമുള്ള തലമുറയുമൊക്കെ

യാത്രയായി. സമകാലി കരായ പലരും ക്ഷീണിതരും അവശരും ഒക്കെയായി ഒതുങ്ങിക്കൂടി. യുവ തലമുറയ്ക്ക് അവരുടെ ജീവിത പ്രശ്നങ്ങളുടെ തിരക്കുമൂലം മാതാപിതാക്കളുടെ കാര്യങ്ങൾ നോക്കാൻ സമയവുമുണ്ടാകണമെന്നില്ല. ഈ ഘട്ടത്തിൽ പലരുടെയും ജീവിത പങ്കാളിയും പ്രതിക്ഷിക്കുന്നതിനു മുൻപ് കടന്നു പോയെന്നു വരാം. അപ്പോഴാണ് ഏകാന്തതയും ശൂന്യതയും പിടിമുറുക്കുന്നത്. അതുകൊണ്ട് ആദ്യത്തെ പാഠം ഇതാണ്. ഏകാന്തതയെ സ്നേഹിച്ച് ഒറ്റയ്ക്ക് സന്തോഷമായി ജീവിക്കാൻ പഠിക്കുക.

2. വർദ്ധക്യമേറുന്തോറും സമൂഹം നിങ്ങളെ മറന്നു തുടങ്ങും. ഏതു മഹാനായിരുന്നെങ്കിലും, വയസ്സായി കഴിഞ്ഞാൽ നിങ്ങൾ മറ്റു വൃദ്ധരിൽ ഒരുവനായിക്കഴിഞ്ഞു. ഇതുവരെയുണ്ടായിരുന്ന പ്രശസ്തി വലയമെല്ലാം നിഷ്പ്രഭമാകും. മറ്റുള്ള വർക്ക് മുൻഗണന കൊടുത്തുകൊണ്ട് ഒരു മൂലയി ലേക്ക് മാറിനിൽക്കാൻ മാനസികമായി തയാറെ ടുക്കണം. കഴിയുമെങ്കിൽ പിന്നാലെ വരുന്നവരുടെ ആരവവും, കാഴ്ചപ്പാടുകളും കൗതുകത്തോടെ നോക്കിക്കാണുക. മുറുമുറുപ്പും അസൂയയും ഒക്കെ അതിജീവിക്കുന്നർ ഭാഗ്യവാന്മാർ. ഇതാണ് രണ്ടാമത്തെ ഏറ്റവും വലിയപാഠം .

3. തുടർന്നുള്ള ജീവിതം ആരോഗ്യപ്രശ്നങ്ങളുടെ കാലമാണ്. വീഴ്ച, ഒടിവ്, ഹൃദയ ധമനികൾക്കും തലച്ചോറിനും ഉണ്ടാകാവുന്ന ക്ഷതങ്ങൾ, ക്യാൻ സർ.. അങ്ങനെ തടുക്കാൻ കഴിയാത്ത രോഗങ്ങളും അസുഖങ്ങളുമൊക്കെ ഒഴിവാക്കാനാവാത്ത കൂട്ടു കാരെപ്പോലെ കൂടെ കൂടും. രോഗങ്ങൾ അലട്ടാത്ത ശാന്തസുന്ദരമായ വാർദ്ധക്യം സ്വപ്നം കാണു ന്നത് മൗഢ്യമാണ്. മിതമായ വ്യായാമങ്ങളൊക്കെ കൃത്യ മായി തുടർന്ന്, മുറുമുറുപ്പും പിണക്കങ്ങളുമി ല്ലാതെ ശിഷ്ട ജീവിതത്തെ സന്തോഷത്തോടെ വരവേ ൽക്കാൻ നിങ്ങൾക്കാകുമെങ്കിൽ വാർദ്ധക്യം അനു ഗ്രഹമാകും.

4. അറുപതിനു ശേഷമുള്ള ഈ യാത്രയിൽ വഞ്ചക രും തട്ടിപ്പുകാരും അവസരം പാർത്തിരിക്കും. പ്രായമായവർക്കു ധാരാളം സമ്പാദ്യവും ആസ്തിയു മുണ്ടാകുമെന്നു ഇക്കൂട്ടർക്ക് നല്ലവണ്ണം അറിയാം. അതുകൊണ്ടുതന്നെ അത് തട്ടിയെടുക്കാനുള്ള തന്ത്രങ്ങൾ നിരന്തരം ഇവർ മെനഞ്ഞു കൊണ്ടേയി രിക്കും. ഫോൺ വിളികൾ, വ്യാജ സന്ദേശങ്ങൾ, മെയിലുകൾ, വിവിധതരം ഉത്പന്നങ്ങൾ, പെട്ടന്ന് പണമുണ്ടാക്കാനുള്ള കുറുക്കു വഴികൾ, ആയുസ്സു കൂട്ടാനും, അസുഖങ്ങൾ മാറ്റാനുമുള്ള ഒറ്റമൂലികൾ, ഒന്നും നടക്കുന്നില്ലെങ്കിൽ അദ്ഭുത രോഗശാന്തി പോലുള്ള ആത്മീയ തട്ടിപ്പുകൾ......... എല്ലാം നിങ്ങളുടെ പണം അടിച്ചുമാറ്റാൻ വേണ്ടി മാത്രം. സൂക്ഷിക്കുക, പണം ബുദ്ധിപൂർവം കൈകാര്യം ചെയ്യുക.

5. ശയ്യാവലംബിയാകാൻ തയ്യാറെടുക്കുക. മാതാവിന്റെ സമീപം ശയ്യയിലേക്കു പിറന്നു വീണ നിങ്ങൾ അനവധി ജീവിതാനുഭവങ്ങളിൽക്കൂടെ കടന്നു വീണ്ടും മറ്റുള്ളവർ ശുശ്രൂഷിക്കേണ്ട അവ സ്ഥയിലേക്കെത്തിയിരിക്കുന്നു. ഒരു വ്യത്യാസം മാത്രം അന്ന് നിങ്ങളെ സ്നേഹത്തോടെ പരിച രിക്കാൻ അമ്മയുണ്ടായിരുന്നെങ്കിൽ ഇന്ന് സ്വന്ത ക്കാർ ആരും അടുത്ത് ഉണ്ടാകണമെന്നില്ല. ഏതെ ങ്കിലും ഐസിയു വിൽ ഒരു ബന്ധവുമില്ലാത്ത ഏതെങ്കിലും ഒരു നഴ്സായിരിക്കും ഒരു പക്ഷെ അവസാന നാളുകളിൽ നിങ്ങളെ പരിചരിക്കുന്നത്. പരാതികളില്ലാതെ എല്ലാത്തിനും നന്ദിയു ള്ളവരാ കാൻ ശ്രമിക്കുക.

6. യാത്രയുടെ അവസാനമെത്തുമ്പോഴേക്കും പ്രകാശം മങ്ങി മങ്ങി ഇരുട്ട് മൂടി തുടങ്ങും. മുൻ പോട്ടുള്ള വഴി അവ്യക്തമാകാൻ തുടങ്ങും, തുടർ ന്നുള്ള യാത്രയും ദുഷ്കരമാവും. അതുകൊണ്ടു അറുപതിലെത്തുമ്പോൾ തന്നെ നമുക്കുള്ളതി ലൊക്കെ സന്തോഷിക്കാൻ പഠിക്കണം, ജീവിതം ആഘോഷിക്കാൻ തുടങ്ങണം, മറ്റുള്ളവരുടെ പ്രശ്നങ്ങളോ, നിങ്ങളുടെ തന്നെ മക്കളുടെയോ കൊച്ചു മക്കളുടെയോ പ്രശ്ങ്ങളോ തലയിലേറ്റരുത്. പ്രായമായെന്നു കരുതി മറ്റുള്ളവരെക്കാൾ അറിവുള്ളവരും ശ്രേഷ്ഠരു മാണെന്നു കരുതരുത്. അനാവശ്യമായി ആരുമായും വാഗ് വാദത്തിലേർപ്പെടരുത്. അത് മറ്റുള്ളവരെ മുറിവേൽ പ്പിക്കുന്നതിനോടൊപ്പം നിങ്ങളെയും മാനസിക പിരിമുറുക്ക ത്തിലെത്തിക്കും.

ഗർവും പകയും അഹങ്കാരവും ഒഴിവാക്കി വിനയത്തോടെ ജീവിക്കുക. പ്രായമാകുന്തോറും അന്യരെ ബഹുമാനിക്കുന്നതിനും സ്വയം ബഹുമാനിക്കപ്പെടുന്നതിന്റെയും പ്രാധാന്യം തിരിച്ചറിയാൻ സാധിക്കണം. ജീവിതത്തിന്റെ സായം കാലത്തു ലൗകിക ബന്ധങ്ങളോടുള്ള കെട്ടുപാടുകളില്ലാതെ സമാധാനമായിരിക്കാൻ മാനസികമായി തയാറെടുക്കണം. ജീവിത യാത്ര സ്വാഭാവികമായ ഒഴുക്കാണ്...... സമചിത്തതയോടെ അക്ഷോഭ്യമായി അത് ജീവിച്ചു തീർക്കുക..... എല്ലാവർക്കും നല്ലത് വരട്ടെ □□

- എം.ജി.ജയപ്രകാശ്, ഐ.ഒ.ബി. റിട്ട. ചീഫ് മാനേജർ അയച്ചുതന്നതിൽ നിന്നും.

## 19 വർഷത്തെ കാത്തിരിപ്പിനുശേഷം

**19 വർഷത്തെ കാത്തിരിപ്പിനുശേഷം ഒരു സദ്‌വാർത്ത!!**

ഡിസംബർ 2000 ത്തിൽ 15 വർഷം സർവീസ് ഉള്ളവരെ വരെ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ള ബാങ്കുകൾ ഇന്ത്യൻ ബാങ്ക് അസ്സോസിയേഷന്റെയും സർക്കാരിന്റെയും നിർദേശ പ്രകാരം സ്വയം പിരിഞ്ഞു പോകൽ പദ്ധതിയ്ക്ക് പാക്കേജ് ഇറക്കി. എന്നാൽ പിന്നീട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷൻ റൂൾ അടിസ്ഥാനമാക്കി 20 വർഷം കുറഞ്ഞ സർവീസ് വേണമെന്ന ഒരു അന്യായ കാരണം കണ്ടെത്തി റൂൾ പുറപ്പെടുവിച്ചത് കൊണ്ട് അന്ന് VRS എടുത്ത അനവധി പേർക്ക് പെൻഷൻ നിഷേധിച്ചു. ഈ അനീതിയാണ് 2463/2015 , 2010,2012,2013 വർഷങ്ങളിലെ അപ്പീലുകൾ പരിഗണിച്ചുകൊണ്ട് സുപ്രീം കോടതിയുടെ സുപ്രധാന വിധിയിലൂടെ തിരുത്തിയിരിക്കുന്നത്.

15 വർഷമോ അതിലധികമോ സർവീസുള്ള എല്ലാവരെയും (VRS) അതിൽപ്പെടുത്തിയിരിക്കുന്നു. മൂന്നു മാസത്തിനകം പരിഹരിച്ചു കൊടുത്തില്ലെങ്കിൽ 6 % പലിശയും നല്കണമെന്നാണ് വിധി.. ഒരു സുപ്രധാന വിധിയാണിത്. ഇതിനു വേണ്ടി ജീവിതം ഉഴിഞ്ഞു വച്ചവരെ നമിക്കുന്നു. ബാങ്കു ചെയ്യുന്ന നല്ല കാര്യങ്ങൾ മറക്കുന്നില്ല. എന്നാൽ ബാങ്കു ചെയ്യുന്ന അനേകം ക്രൂരതകളിൽ ഒന്നു മാത്രമാണിത്. ബാങ്കിലെ ചില പണ്ഡിറ്റ്കളുടെ വ്യാഖ്യാനത്തിൽ പോയത് 19 വർഷം!! ഇവർ കണ്ണുതുറന്നു ആ വിധി വായിക്കുമെന്ന് വിചാരിക്കുന്നു. ഇനിയെങ്കിലും എസ്.ബി.ഐ പെൻഷൻകാരുടെ പെൻഷനിലെ അപാകതകൾ പരിഹരിക്കുമോ?

നിസ്സാര കാര്യങ്ങളിലും അവരവരുടെ തോന്നലനുസരിച്ചു സർക്കുലറുകൾ വ്യാഖ്യാനിക്കുക പതിവാക്കിയിരിക്കുകയാണ്. ഉദാഹരണത്തിന് 10-ാ മത്തെ ദ്വികക്ഷി തല തീർപ്പ് പ്രകാരം കൊടുക്കേണ്ട സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് കൊടുക്കാ തിരിക്കുക, അതിന്റെ അനുകൂല്യങ്ങൾ നിഷേധിക്കുക ഇവ ഇന്നും നടക്കുന്നു. അന്യായ നിരക്കിൽ കമ്മ്യൂട്ടേഷൻ 15 വർഷത്തേക്കു പിടിക്കുന്നതാണ് അവശേഷിക്കുന്നതിലെ ഏറ്റവും വലിയ ക്രൂരത.



എസ്ബിഐ സ്വയം വിരമിക്കൽ പദ്ധതി

**15 വർഷത്തെ സർവീസ് ഉള്ളവർക്കും പെൻഷന് അവകാശം: സുപ്രീംകോടതി**

**ജോമി തോമസ്**

ന്യൂഡൽഹി ● 15 വർഷത്തെ സേവനത്തിനു ശേഷം സ്വയം വിരമിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്ബിഐ) ജീവനക്കാർക്ക് 2000 ത്തിലെ പദ്ധതി പ്രകാരം പെൻഷന് അവകാശമുണ്ടെന്ന് സുപ്രീം കോടതി വിധിച്ചു. ജസ്റ്റിസ് അരുൺ മിശ്ര അധ്യക്ഷനായ ബെഞ്ചിന്റേതാണ് വിധി. വിധി 3 മാസത്തിനകം നടപ്പാക്കണം. അതിനകം കുടിശികയും നൽകണം. ഇല്ലെങ്കിൽ, കുടിശികയ്ക്ക് പ്രതിവർഷം 6% പലിശയും നൽകണം.

15 വർഷമെങ്കിലും സേവനമുള്ളവർക്ക് പെൻഷൻ നൽകുമെന്നായിരുന്നു ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ വിആർഎസ് പദ്ധതിയിൽ പറഞ്ഞിരുന്നത്. ഇത് എസ്ബിഐയുടെ കേന്ദ്ര ബോർഡ് 2000 ഡിസംബർ 27ന് അംഗീകരിച്ചു.

എന്നാൽ, എസ്ബിഐ പെൻഷൻ നിധി ചട്ടങ്ങളനുസരിച്ച്, 20 വർഷം സേവനമുള്ളവർക്കായിരുന്നു പെൻഷന് അവകാശം. ഈ വ്യവസ്ഥയാണ് പാലിക്കുന്നതെന്ന് 2001 ജനുവരി 15ന് എസ്ബിഐ വിശദീകരണ കുറിപ്പ് ഇറക്കി. ഇത് ഹൈക്കോടതിയിൽ ചോദ്യം ചെയ്ത് പലരും അനുകൂല വിധി നേടി. അതിനെതിരെ എസ്ബിഐ സുപ്രീം കോടതിയെ സമീപിച്ചു.

## ബാങ്ക് സമരം മാറ്റി

ബാങ്ക് ജീവനക്കാരുടേയും ഓഫീസർമാരുടേയും സംഘടനകൾ മാർച്ച് 11 മുതൽ മൂന്ന് ദിവസം നടത്താനിരുന്ന പണിമുടക്ക് സമരം മാറ്റി വച്ചു. വേതന സേവന വ്യവസ്ഥകളിൽ ഉരുത്തിരിയുന്ന സമവായങ്ങളുടെ പശ്ചാത്തലത്തിലാണ് തീരുമാനം.

## “വൺ സ്റ്റോപ്പ് ഫിനാൻഷ്യൽ ഡെസ്റ്റിനേഷൻ” ആയി എസ്.ബി.ഐ.

പ്രതികൂലമായ ആഗോള സാമ്പത്തിക സാഹചര്യങ്ങളിൽ ആണെങ്കിലും മികച്ച മുന്നേറ്റം നടത്തുകയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. 2019 ഒക്റ്റോബർ മുതൽ ഡിസംബർ വരെയുള്ള മൂന്ന് മാസക്കാലയളവിൽ 5583 കോടി രൂപയാണ് അറ്റാദായം നേടിയത്.



എസ്.ബി.ഐ.റീട്ടെയിൽ ബാങ്കിംഗ് വിഭാഗത്തിന്റെ മേധാവിയും ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറുമായ ശ്രീ.കെ.വി.ഹരിദാസ്

2019 ഡിസംബറിലെ കണക്കനുസരിച്ച് ഡിജിറ്റൽ മാർഗങ്ങളിലൂടെ 10000 കോടി രൂപായുടെ വായ്പ കൈമാറിക്കൊണ്ട് ഡിജിറ്റൽ ഇടപാടുകളിലും വൻ കുതിപ്പാണ് ബാങ്ക് കാഴ്ച വയ്ക്കുന്നത്. 44 കോടി ഇടപാടുകാരുമായി ഉപഭോക്താക്കളുടെ ശക്തമായ അടിത്തറയുള്ള ബാങ്കാണ് സ്റ്റേറ്റ് ബാങ്ക്.

21959 ല്പരം ശാഖകൾ, 59000 ബിസ്സിനസ് കരസ്പോന്റുമാർ, 59000 എ.റ്റി.എമ്മുകൾ, 6,60,000 ത്തിലധികം പോയിന്റ് ഓഫ് സെയിൽസ് (പി.ഒ.എസ്) സ്ഥാപനങ്ങൾ, വളരെ കുറഞ്ഞ ചെലവിൽ യോനോ ആപ്പ് ഡിജിറ്റൽ സേവനം എന്നിങ്ങനെ ഏത് തരം ഇടപാടുകാർക്കും അനുയോജ്യമായ ബാങ്കിംഗ് സേവനങ്ങളുമായി രാജ്യത്തെ . "വൺ സ്റ്റോപ്പ് ഫിനാൻഷ്യൽ ഡെസ്റ്റിനേഷൻ" ആയി മാറുകയാണ് എസ്.ബി.ഐ. റീട്ടെയിൽ ബാങ്കിംഗ് വിഭാഗത്തിന്റെ മേധാവിയും ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറുമായ ശ്രീ.കെ.വി.ഹരിദാസ് എന്ന മലയാളിയാണ് ഇതിന്റെ തലപ്പത്ത്. അദ്ദേഹം മാതൃഭൂമി പത്രത്തിന് അനുവദിച്ച ഒരഭിമുഖത്തിൽ സൂചിപ്പിച്ചതാണിത്.

# യൂണിറ്റ് ലിങ്ക്ഡ് പോളിസികളുമായി എൽ.ഐ.സി.

''നിവേഷ് പ്ലസ്'', 'എസ്.ഐ.ഐ.പി' എന്നീ യൂണിറ്റ് ലിങ്ക്ഡ് പോളിസികളുമായി എൽ.ഐ.സി. രംഗത്ത്. സിംഗിൾ, റെഗുലർ പ്രീമിയം പോളിസികളാണ് അവതരിപ്പിച്ചിട്ടുള്ളത്. കുറഞ്ഞത് ഒരു ലക്ഷം രൂപ ഒറ്റത്തവണയായി നിക്ഷേപിയ്ക്കാവുന്ന പോളിസിയാണ് 'നിവേഷ് പ്ലസ്സ്'. 90 ദിവസം മുതൽ 70 വയസ്സ് വരെയുള്ളവർക്ക് അംഗമാകാം. കാലാവധി 10 വർഷം മുതൽ 25 വർഷം വരെ. ബോണ്ട് ഫണ്ട്, സെക്യൂർഡ് ഫണ്ട്, ബാലൻസ് ഫണ്ട്, ഗ്രോത്ത് ഫണ്ട് എന്നിങ്ങനെ നാലു തരം ഫണ്ടുകൾ ലഭ്യമാണ്.

അതേസമയം 'എസ്.ഐ.ഐ.പി' റെഗുലർ പ്രീമിയം പോളിസിയാണ്. കുറഞ്ഞ നിക്ഷേപം 4000 രൂപ. 90 ദിവസം മുതൽ 65 വയസ്സ് വരെയുള്ളവർക്ക് അംഗമാകാം. കാലാവധി 10 വർഷം മുതൽ 25 വർഷം വരെ. ബോണ്ട് ഫണ്ട് , സെക്യൂർഡ് ഫണ്ട്, ബാലൻസ് ഫണ്ട്, ഗ്രോത്ത് ഫണ്ട് എന്നിങ്ങനെ നാലു തരം ഫണ്ടുകളിലും ലഭ്യമാണ്.

# ആർ.ബി.ഐ.യുടെ ക്രിപ്റ്റോ കറൻസി സർക്കുലർ സുപ്രീം കോടതി റദ്ദാക്കി

ലോകം മുഴുവൻ ക്രയവിക്രയം ചെയ്യുന്ന നിഗൂഢ കറൻസികളാണ് ക്രിപ്റ്റൊ കറൻസി. ഭരണ കൂടങ്ങളുടെ അംഗീകാരമോ കേന്ദ്ര ബാങ്കുകളുടെ നിയന്ത്രണമോ ഇതിനില്ല. ബിറ്റ് കോയിൻ അടക്കമുള്ള ക്രിപ്റ്റോ കറൻസികൾ ഇന്ത്യയിൽ ക്രയവിക്രയങ്ങൾക്ക് അംഗീകൃതമല്ലെന്ന് പ്രഖ്യാപിക്കുന്ന റിസർവ് ബാങ്കിന്റെ 2018ലെ സർക്കുലർ ആണ് സുപ്രീം കോടതി റദ്ദാക്കിയത്. ഏതായാലും ഈ വിധി പ്രകാരം മറിച്ചൊരുത്തരവുണ്ടാകുന്നത് വരെ ക്രിപ്റ്റോ കറൻസികൾ രാജ്യത്ത് നിയമാനുസൃതമാണ്. ബാങ്കുകളിലൂടെയല്ലാതെ ക്രിപ്റ്റോ കറൻസികൾ വാങ്ങാനും വില്ക്കാനുമാകില്ല എന്ന നിയമം വന്നില്ലെങ്കിൽ രൂപായിലൂടെയല്ലാതെ ക്രിപ്റ്റോ കറൻസികൾ വഴി നടത്തുന്ന പണമിടപാടുകളിൽ സർക്കാരിന് മറിച്ചൊരുത്തരവുണ്ടാകുന്നതുവരെ നിയന്ത്രണമില്ലാതെ വരും.



സാമ്പത്തിക ഇടപാടുകൾ സുരക്ഷിതമാക്കാനും അധിക യൂണിറ്റുകളുടെ നിർമ്മാണത്തെ നിയന്ത്രിക്കാനും ആസ്തി കൈമാറ്റം പരിശോധിക്കാനും ശക്തമായ ക്രിപ്റ്റോഗ്രാഫി ഉപയോഗിക്കുന്ന ഒരു വിനിമയ മാധ്യമമായി പ്രവർത്തി ക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു ഡിജിറ്റൽ അസറ്റ് ആണ് ക്രിപ്റ്റോകറൻസികൾ (അല്ലെങ്കിൽ ക്രിപ്റ്റോ കറൻസി). സെൻട്രൽ ബാങ്കിംഗ് സംവിധാനങ്ങൾക്ക് വിരുദ്ധമായി ക്രിപ്റ്റോ കറൻസികൾ വികേന്ദ്രീകൃത നിയന്ത്രണം ഉപയോഗിക്കുന്നു. ഇത് അച്ചടിച്ച കറൻസികൾ അല്ല. അതിനാൽ ഇതിനെ വെർച്ചൽ കറൻസിയെന്നുംവിശേഷിപ്പിക്കുന്നു. ബിറ്റ്കോയിൻ മാത്രമല്ല ക്രിപ്റ്റോ കറൻസികൾ. മറ്റുള്ള പ്രധാനപ്പെട്ട ക്രിപ്റ്റോ കറൻസികൾ ഇവയാണ്.

## ഇതറീയം (Ethereum)

സ്മാർട്ട് കരാർ (സ്ക്രിപ്റ്റിംഗ്) പ്രവർത്തനം ഉൾക്കൊള്ളുന്ന ഒരു ഓപ്പൺ സോഴ്സ്, പബ്ലിക്, ബ്ലോക്ക്ചെയിൻ അടിസ്ഥാനമാക്കിയുള്ള ഡിസ്ട്രിബ്യൂട്ട് കമ്പ്യൂട്ടിംഗ് പ്ലാറ്റ്ഫോം, ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവയാണ് ഇതറീയം. ഇടപാട് അടിസ്ഥാനമാക്കിയുള്ള സ്റ്റേറ്റ് സംക്രമണങ്ങളിലൂടെ നകാമോട്ടോ സമവായത്തിന്റെ പരിഷ്കരിച്ച പതിപ്പിനെ ഇത് പിന്തുണയ്ക്കുന്നു. ഇതറീയം പ്ലാറ്റ്ഫോം സൃഷ്ടിച്ച ഒരു ക്രിപ്റ്റോകറൻസിയാണ് ഇതർ.

## ബിറ്റ്കോയിൻ

പ്രധാനമായും ഇന്ററർനെറ്റിലൂടെയുള്ള സാമ്പത്തിക ഇടപാടുകൾക്കായി ഉപയോഗിക്കുന്ന ഡിജിറ്റൽ നാണയമാണ് ബിറ്റ്കോയിൻ (Bitcoin). ഇത് ലോഹ നിർമ്മിതമായ നാണയമോ കടലാസ് നോട്ടോ അല്ല. കമ്പ്യൂട്ടർ ഭാഷയിൽ തയ്യാറാക്കിയിരിക്കുന്ന ഒരു പ്രോഗ്രാം അല്ലെങ്കിൽ സോഫ്റ്റ്‌വെയർ കോഡാണ്. എൻക്രിപ്ഷൻ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനാൽ ഇവയെ 'ക്രിപ്റ്റോ കറൻസി' എന്നും വിളിക്കാറുണ്ട്.

ഇടനിലക്കാരോ വിവിധ രാജ്യങ്ങളിലെ കേന്ദ്രബാങ്കുകളോ സർക്കാരുകളോ നിയന്ത്രിക്കാനില്ലാത്ത സ്വതന്ത്ര നാണയം എന്ന ആശയമാണ് ബിറ്റ്കോയിനിലൂടെ യാഥാർത്ഥ്യമായത്. ആഗോള സാമ്പത്തിക, ബാങ്കിങ് തകർച്ചയുടെ നിരാശയിൽ നിന്നാണ് ഡിജിറ്റൽ കറൻസി എന്ന ആശയം രൂപം കൊള്ളുന്നത്. 2008-ൽ സതോഷി നകമോട്ടോ എന്ന അജ്ഞാതൻ ആണ് ബിറ്റ്കോയിൻ അവതരിപ്പിച്ചത്. 'സതോഷി നകമോട്ടോ' എന്നത് ഒരു വ്യക്തിയോ ഒരു സംഘം ഐ.ടി. വിദഗ്ദ്ധർ സ്വയം വിശേഷിപ്പിക്കുന്ന പേരോ ആയിരിക്കാമെന്ന് അഭ്യൂഹങ്ങളുണ്ട്. 2016 മേയിൽ ഓസ്ട്രേലിയയിലെ ഐ.ടി. വിദഗ്ദ്ധനും വ്യവസായിയുമായ ക്രെയ്ഗ് റൈറ്റ് ബിറ്റ്കോയിന്റെ ഉടമസ്ഥാവകാശ വാദവുമായി രംഗത്തെത്തിയിരുന്നു.

## ലിബ്ര (ക്രിപ്റ്റോകറൻസി)

അമേരിക്കൻ സോഷ്യൽ മീഡിയ കമ്പനിയായ ഫേസ്ബുക്ക് അവതരിപ്പിച്ച ബ്ലോക് ചെയിൻ അധിഷ്ഠിത ക്രിപ്റ്റോ കറൻസിയാണ് ലിബ്ര. 2020 ൽ ലിബ്ര കമ്പോളത്തിലെത്തും. സുതാര്യത, സ്വകാര്യത, നാണയകൈമാറ്റത്തിലെ ഇടനില ക്കാരുടെ അഭാവം എന്നിവയാൽ പാശ്ചാത്യ ലോകത്തു ക്രിപ്റ്റോകറൻസിക്ക് പ്രചാരം വർധിക്കുന്നുണ്ട് എന്നത് ലിബ്രയുടെ വ്യാപനത്തിന് ആക്കം കൂട്ടും. കാലിബ്ര എന്ന ഡിജിറ്റൽ പേഴ്സിലായിരിക്കും ലിബ്ര സൂക്ഷിക്കപ്പെടുന്നത്. ഫേസ്ബുക്കിന്റെ മെസഞ്ചർ മേധാവിയായിരുന്ന ഡേവിഡ് മാർകസ് ആണ് ഈ പദ്ധതിയുടെ മേധാവി. ഊബർ, മാസ്റ്റർകാർഡ്, വീസ തുടങ്ങിയ ആഗോളതലത്തിലെ വമ്പൻ കമ്പനികൾ ഈ കറൻസിയിൽ പങ്കാളികളാണ്.

## ലൈറ്റ്കോയിൻ

ഒരു പിയർ ടു പിയർ ക്രിപ്റ്റോകറൻസിയും സ്വതന്ത്ര സോഫ്റ്റ്‌വെയറുമാണ് ലൈറ്റ്കോയിൻ ((LTC or Ł ). ഈ പദ്ധതി സ്വതന്ത്ര പകർപ്പനുമതിപത്രമായ എംഐടി/ എക്സ്11 അനുമതി പ്രകാരം പുറത്തിറക്കിയിരിക്കുന്നു. കോയിനുകൾ ഉണ്ടാക്കുന്നതും പ്രചരിപ്പിക്കുന്നതും സ്വതന്ത്രമായ ഒരു ക്രിപ്റ്റോഗ്രാഫി നിയമമനുസരിച്ചാണ്. ഇത് ഒരു പ്രത്യേക അഥോറിറ്റി നിയന്ത്രിക്കുന്നില്ല. ലൈറ്റ്കോയിൻ ബിറ്റ്കോയിനിന്റെ ആദ്യകാലത്തേയുള്ള ഒരു പകർപ്പ്(അല്ലെങ്കിൽ ആൾട്ട്കോയിൻ) ആണ്. 2011 ഒക്ടോബറിലാണ് ഇത് പ്രവർത്തനം തുടങ്ങിയത്. സാങ്കേതികകാര്യങ്ങളിൽ ഇത് ബിറ്റ്കോയിനുമായി വളരെ സാമ്യം പുലർത്തുന്നു.

2013 നവംബറിൽ ലൈറ്റ്കോയിനിന്റെ ആകെ മൂല്യം വളരെ വലിയ കയറ്റത്തിനു വിധേയമായി. 100% വളർച്ച 24 മണിക്കൂറിലുണ്ടായി.

2017 മേയ് മാസത്തിൽ സെഗ്രഗേറ്റ് വിറ്റ്നസ് സ്വീകരിച്ച കോയിനുകളിൽ ആദ്യഅഞ്ചിൽ ഒന്നാമതായി മാറി. അതേവർഷം മെയ് മാസത്തിൽ

ആദ്യ ലൈറ്റ്നിങ്ങ് നെറ്റ്‌വർക്ക് ട്രാൻസാക്ഷൻ നടന്നു. 0.00000001 എൽ ടി സി സൂറിച്ചിൽനിന്നും സാൻഫ്രാൻസിസ്കോയിലേക്ക് ഒരു സെക്കന്റിനുള്ളിൽ കൈമാറി.

## മറ്റു പ്രധാനപ്പെട്ട ക്രിപ്റ്റോ കറൻസികൾ ഇവയാണ്.

**റിപ്പിൾ, ടെഥർ, മൊണേറോ, ഇ.ഒ.എസ്., ബിനനാൻസ് കോയിൻ.**



## യെസ് ബാങ്ക് നിയന്ത്രണം ഏറ്റെടുത്ത് ആർ.ബി.ഐ

റിസർവ് ബാങ്ക് നിയന്ത്രണത്തിലായ യെസ് ബാങ്കിന്റെ പുനരുദ്ധാരണത്തിനുള്ള പദ്ധതി ആർ.ബി.ഐ പ്രഖ്യാപിച്ചു. പ്രതിസന്ധി മറികടക്കാൻ 8000 കോടി രൂപ നല്കും. 49% ഓഹരി എസ്.ബി.ഐ. ഏറ്റെടുക്കും. രണ്ട് രൂപാ മുഖവിലയുള്ള ഓഹരി 10 രൂപ വച്ചായിരിക്കും സ്റ്റേറ്റ് ബാങ്ക് ഏറ്റെടുക്കുക. ഓഹരി വില 56.04 ശതമാനം തകർന്ന് 16.20 രൂപായിലെത്തി നില്ക്കുകയാണിപ്പോൾ. പലപ്പോഴും താര പരിവേഷമുള്ള സ്വകാര്യ ബാങ്കുകളെ ജപ്തികളിൽ നിന്ന് രക്ഷപെടാൻ സഹായിക്കുന്നത് പൊതുമേഖലാ ബാങ്കുകളാണെന്ന സത്യം ഒരിക്കൽ കൂടി തെളിയുകയാണ്.

## . 49% ഓഹരി എസ്.ബി.ഐ. ഏറ്റെടുക്കും

യെസ് ബാങ്കിന്റെ 49% ഓഹരി എസ്.ബി.ഐ. ഏറ്റെടുക്കും. എസ്.ബി.ഐ ചെയർമാൻ രജനീഷ് കുമാർ മാദ്ധ്യമങ്ങളോട് പറഞ്ഞതാണിത്. കേന്ദ്ര ധനകാര്യമന്ത്രി നിർമല സീതാരാമൻ ഇതിനു രണ്ട് ദിവസം മുൻപ് എസ്.ബി.ഐ ചെയർമാൻ രജനീഷ് കുമാറുമായി ബന്ധപ്പെട്ടിരുന്നു. ഇതു വഴി മൂലധന പ്രതിസന്ധിയിലായ യെസ് ബാങ്കിന് 7250 കോടി രൂപയുടെ മൂലധനം ലഭ്യമാക്കും. ഈ ഷെയറുകൾ 3 വർഷത്തേക്ക് 26% ത്തിൽ താഴെയാകാതെ ശ്രദ്ധിക്കും.



എസ്.ബി.ഐ ചെയർമാൻ രജനീഷ് കുമാർ

സ്റ്റേറ്റ് ബാങ്ക് ചീഫ് ഫിനാൻഷിയൽ ഓഫീസറും ഡെപ്യൂട്ടി മാനേജിങ്ങ് ഡയറക്ടറുമായിരുന്ന ശ്രീ.പ്രശാന്ത് കുമാറിനെ യെസ് ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടിവ് ഓഫീസറുമായി നിയമിച്ചു.

## റിസർവ്വ് ബാങ്ക് റിപ്പൊ നിരക്കുകൾ വീണ്ടും കുറച്ചു.

രാജ്യം നേരിടുന്ന കൊറോണാ മഹാമാരിയുടെ പശ്ചാത്തലത്തിൽ കൂടുതൽ ഇളവുകളുമായി റിസർവ്വ് ബാങ്ക്. മോനിട്ടറി പോളിസി കമ്മറ്റി, റിപ്പൊ, റിവേഴ്സ് റിപ്പോ, കാഷ് റിസേർവ് റേഷ്യോ നിരക്കുകൾ വീണ്ടും കുറച്ചു. 75 ബേസിസ് പോയിന്റ് കുറച്ച് റിപ്പോ നിരക്ക് 4.40% ആക്കി. റിവേഴ്സ് റിപ്പോ നിരക്കും 4% ആയി കുറഞ്ഞു. കാഷ് റിസേർവ് റേഷ്യോ 3% ആയി കുറഞ്ഞു. ബാങ്കുകൾ നിക്ഷേപങ്ങൾക്ക് കൊടുക്കുന്ന നിരക്കുകളിലും കുറവ് പ്രതീക്ഷിക്കാം.

ഹ്രസ്വകാല/ദീർഘകാല വായ്പകൾക്ക് മൂന്ന് മാസത്തെ മൊറട്ടോറിയവും പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് സഹകരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

## സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എൽ.ടി.ആർ.ഒ ഏർപ്പെടുത്തി റിസർവ് ബാങ്ക്

'ലോംഗ് ടേം റിപ്പൊ ഓപ്പറേഷൻ' എന്നതിന്റെ ചുരുക്കപ്പേരാണ് എൽ.ടി.ആർ.ഒ. വാണിജ്യ ബാങ്കുകൾക്ക് റിപ്പൊ റേറ്റ് നിരക്കിൽ ഒന്ന് മുതൽ മൂന്ന് വർഷം വരെ കാലയളവ് നല്കി കൊടുക്കുന്ന ദീർഘ കാല വായ്പയാണിത്.

സർക്കാർ സെക്യൂരിറ്റീസിന്റെ ഈടിന്മേലാണ് വായ്പ്പ നല്കുന്നത്. യൂറോപ്യൻ സെൻട്രൽ ബാങ്കിന്റെ ആശയമാണ് 'ലോംഗ് ടേം റിപ്പൊ ഓപ്പറേഷൻ'.

ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥ പ്രതിസന്ധിയിലായതിന്റെ പ്രധാന കാരണം ഉപഭോഗം കുറയുന്നതാണെന്നാണ് വിലയിരുത്തുന്നത്. ഇതിനുള്ള പരിഹാരം എന്ന നിലയിൽ കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ പണം വാണിജ്യ ബാങ്കുകൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ സംവിധാനം നടപ്പാക്കുന്നത്. നാല് ഘട്ടങ്ങളിലായി ഒരു ലക്ഷം കോടി രൂപയാണ് ബാങ്കുകൾക്ക് നല്കുവാൻ ആർ.ബി.ഐ. ലക്ഷ്യമിട്ടത്. പക്ഷേ ഫെബ്രുവരി 17 മുതൽ മാർച്ച് 9 വരെ നാല് ഘട്ടങ്ങളിലായി 100,105 കോടി രൂപ അനുവദിച്ചു.

## കൊറോണയ്ക്കെതിരെ

വൈയ്ക്കം എരിയയിലെ ഈ മാസത്തെ
ഭവന സന്ദർശനം, ശ്രീമതി രാധാമണിയന്റെ
വീട്ടിൽ നടത്താനിരുന്നത്
സംസ്ഥാന ആരോഗ്യവകുപ്പ് കൊറോണാ
പ്രതിരോധമായി ഒത്തുചേരൽ ഒഴിവാക്കാൻ
നിർദേശിക്കുന്നതു കൊണ്ട് ,
സ്ഥിതിഗതികൾ മെച്ചപ്പെടുന്നതു വരെ
മാറ്റിവയ്ക്കുകയാണ്.



**പി.പി.ഫിലിപ്പ്, ഏരിയാ കൺവീനർ**

# കൊവിഡ് 19 രാജ്യം നേരിടുന്ന ഗുരുതര മഹാമാരി

### സംസ്ഥാന നേതാക്കളുടെ സംയുക്ത പ്രസ്താവന

കൊവിട് 19 മൂലമുണ്ടായ മരണസംഖ്യ ആഗോള തലത്തിൽ മുപ്പത്തി മൂവായിരം കവിഞ്ഞിരിക്കുന്നുവെന്ന അതിഭീതിദമായ വാർത്തക്ക്ശേഷമാണ് ഇതെഴുതുന്നത്. പിഴവറ്റ പ്രതിരോധ നടപടികൾ സർക്കാർ തലത്തിൽ നടത്തി വരുന്നുണ്ടെങ്കിലും മറ്റുള്ളവരിൽ നിന്നും സ്വയം അകന്നു നിന്ന് രോഗത്തിന്റെ സാമൂഹ്യ വ്യാപനത്തെ തടയുക എന്നതാണ് ഈ ഘട്ടത്തിൽ നാം അനുവർത്തിക്കേണ്ടത്. പ്രായാധിക്യം രോഗവ്യാപനത്തിനനുകൂലമായ മറ്റൊരു ഘടക മാണെന്നതും നാം തിരിച്ചറിയണം.

വ്യക്തിഗത ബാങ്കിങ് ആവശ്യങ്ങൾക്കായി നമ്മുടെ ബാങ്ക് ശാഖകൾ സന്ദർശിക്കുക അനുശീലനം ചെയ്തവരാണ് നമ്മളിൽ ഒട്ടുമിക്ക പേരും. മാറിയ ചുറ്റുപാടിൽ, നമ്മുടേയും, ബാങ്കിൽ ഇപ്പോൾ സേവനം ചെയ്തു കൊണ്ടിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട സഹോദരങ്ങളുടെയും ആരോഗ്യ പരിരക്ഷ കണക്കിലെടുത്ത് ഇത്തരം സൗകര്യങ്ങളിൽ നിന്ന് താത്കാലികമായെങ്കിലും നാം മാറിനിന്നേ മതിയാവൂ. ആയതിലേക്കായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താൻ നാം ഓരോരുത്തരും മനസ്സറിഞ്ഞ് സഹകരിക്കേണമെന്ന് അഭ്യർത്ഥിക്കുന്നു.

- ബാങ്ക് ശാഖകളിലേക്കുള്ള സന്ദർശനം കഴിവതും കുറച്ചുകാലത്തേക്ക് മാറ്റിവെക്കുക.
- പണമിടപാടുകൾ കഴിവതും എ ടി എം ലൂടെ നടത്തുക.
- പാസ്ബുക്ക് പതിപ്പിക്കൽ, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് തുടങ്ങിയവ കുറച്ചു കാലത്തേക്ക് മാറ്റിവെക്കുക.
- ഒഴിവാക്കാൻ പറ്റാത്ത ഘട്ടത്തിൽ മാത്രം ശാഖ സന്ദർശനം നടത്തി സഹായം തേടുക.
- ശാഖയിൽ ഏറ്റവും കുറഞ്ഞ സമയം മാത്രം ചിലവഴിക്കുക.
- വ്യക്തികൾക്കിടയിൽ പാലിക്കേണ്ട അകലം കർശനമായും നടപ്പിൽ വരുത്താൻ ആൾക്കൂട്ടം വിലങ്ങുതടിയാണെന്ന് തിരിച്ചറിയുക. അതുകൊണ്ട് നാം സ്വയം ഒഴിഞ്ഞു നിൽക്കുക.

ഏത് പ്രതിസന്ധിയിലും ബാങ്കിന്റെ പ്രവർത്തനം പരാതിക്കിടം നൽകാതെ മുന്നോട്ട് കൊണ്ട്പോവേണ്ടുന്ന ഉത്തരവാദിത്വം നമുക്കുണ്ട് എന്ന

ബോധത്തോടെ നമുക്കു ഒത്തൊരുമിച്ചു പ്രവർത്തിക്കാം. ഏവരുടെയും നിസ്സീമമായ സഹകരണം ആവശ്യപ്പെട്ടു കൊണ്ട്,



കെ. രാജീവൻ, പ്രസിഡന്റ്,
എ. ജയകുമാർ ജനറൽ സെക്രട്ടറി
എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ




# വിഫലമീയാത്ര!

## കൊറോണ ഗീതം

### ടോമി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്

കാലമിനിയുമുരുളും എലിപ്പനി വരും
പ്രളയം വരും നിപ്പ വരും കൊറോണയും വരും
അമ്മ ഉമ്മ നിർത്തും അച്ചൻ കുർബാന നിർത്തും
അമ്പലം / പള്ളികൾ കൂട്ടപ്രാർത്ഥന നിർത്തും
ഉംറയ്ക്കും ശരണം വിളിയ്ക്കും
കുരിശിന്റെ വഴിയ്ക്കും
പൊങ്കാലയ്ക്കും ഷട്ടർ വീഴും,
പൗരത്വവും ജാതിയും മതവും മറന്ന്
എല്ലാരും വെറും മനുഷ്യരാവും
അല്ലല്ല ...... ഹോമോസാപിയൻസ് എന്ന ജീവജാതി !

ആർട്ടിക്കിൾ പതിനാലും തുല്യതയും
മതേതരത്വവും തനിയെ വരും

അപ്പോഴാരെന്നുമെന്തെന്നു മാർക്കറിയാം

ഞാനീ ജനലഴി പിടിച്ചൊട്ടു നിൽക്കട്ടേ..
മാസ്കുമായണിയത്ത് നീ ചേർന്നു നിൽക്കൂ...



ടോമി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്

അവലംബം: എൻ.എൻ.കക്കാടിന്റെ "വിഫലമീയാത്ര"

!

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ** ഫെബ്രുവരി മാസത്തിലെ ഭരണ സമിതി യോഗം 2020 മാർച്ച് മാസം 13–ാം തിയതി വെള്ളിയാഴ്ച്ച നടത്താനിരുന്നത് സർക്കാരിന്റെ കോവിഡ് 19 പ്രതിരോധ നടപടികളോട് ഐക്യദാർഢ്യവും സഹകരണവും പാലിച്ചുകൊണ്ട് മാറ്റിവച്ചിരുന്നു. എന്നാൽ നയപരമായ തീരുമാനങ്ങളൊഴികെ അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളും, ജി ഡി സി എസ് നറുക്കെടുപ്പും നടത്തേണ്ടത് ആവശ്യമായി വന്നു. അന്ന് സന്നിഹിതരായതിൽ ലഭ്യമായ മെമ്പർമാർ യോഗം ചേർന്ന് നയപരമായ തീരുമാനങ്ങൾ എടുക്കാതെ അടിയന്തിരമായി പരിഗണനക്ക് വന്ന വിഷയങ്ങളും നറുക്കെടുപ്പും മാത്രം നടത്തി.

## സൊസൈറ്റി ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി – വട്ടമെത്തി**
2. **25,000 രൂപായുടെ കുറി –**(35) **ശ്രീ. രാജേന്ദ്രൻ നായർ**
3. **50,000 രൂപായുടെ കുറി –** (64) **വി.ജെ.പീറ്റർ**
4. **100,000 രൂപായുടെ കുറി –(97)** ശ്രീ. ടോമി ഇഗ്നേഷ്യസ്, വെള്ളരിങ്ങാട്ട്, ചെത്തിമറ്റം
5. **100,000 രൂപായുടെ കുറി –**(105) **ജെസ്സി മാത്യു ജീരകത്തിൽ**
6. **100,000 രൂപായുടെ കുറി –**(129) **ശ്രീ. എ.എൻ.രാജൻ**
7. 100,000 രൂപായുടെ കുറി – (162) **മഹാദേവൻ നായർ**

നറുക്ക് ലഭിച്ചവർക്ക് കൊറോണ സംബന്ധമായ സർക്കാറിന്റെ നിബന്ധനകൾക്ക് അയവ് വരുന്നത് അനുസരിച്ചു തീയതി അറിയിയ്ക്കുന്നതായിരിക്കും.

## അംഗത്വത്തിനുള്ള അപേക്ഷ തീർപ്പാക്കൽ

### എ ക്ലാസ്

**താഴെ കൊടുത്തിട്ടുള്ള 4 "എ" ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ നാലിനും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി. പുതിയ അംഗങ്ങൾ :–**

1. **ശ്രീമതി.സ്വർണ്ണകുമാരി.റ്റി, കിളിക്കൂട്ടിൽ, കാട്ടിക്കുന്ന് പി.ഒ. വൈക്കം**
2. **ശ്രീമതി.രാധാമണി ഭായി, തൃക്കോവിൽ, ആർപ്പൂക്കര**
3. **ശ്രീമതി.സരോജം ആന്റണി, രശ്മി വില്ല, മറിയപ്പള്ളി**
4. **ശ്രീ.വി.ആർ.ലക്ഷ്മണൻ നായർ, ആശാ നിവാസ്, മേവെള്ളൂർ**

### സി ക്ലാസ്സ്

**കൂടാതെ ഇനിപ്പറയുന്ന പത്ത് പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.**

1. **ശ്രീമതി. കെ.വി.സുമതി, പുല്ലുവേലിൽ, പുന്നത്തുറ**
2. **ശ്രീമതി. ലൈലാ മത്തായി, പടിഞ്ഞാറെ വീട്ടിൽ, മാഞ്ഞൂനം**
3. **ലതാ.എ.എസ്, ആശാനിവാസ്, മേവെള്ളൂർ**
4. **ശ്രീമതി എൽസമ്മ കുര്യാക്കോസ്, കൊച്ചാഞ്ഞിലിത്തറ**
5. **ശ്രീമതി. ഫിലോമിന ജേക്കബ്ബ്, വടുതലക്കുന്നേൽ**
6. **ശ്രീ.ദീപക് സാമുവേൽ ഐപ്പ്, കൊച്ചാലുമ്മൂട്ടിൽ**
7. **ശ്രീ.റ്റെഡി സാജൻ, ജീരകത്തിൽ, ളാലം, പാലാ**
8. **ശ്രീമതി. ബീന തോമസ് കറുവണതറയിൽ, മുട്ടമ്പലം.പി.ഒ.**
9. **ശ്രീമതി രശ്മി ആന്റണി, രശ്മി വില്ല**
10. **ശ്രീമതി.നിമ്മി.എ.കെ, ചിറയിൽ,വേളൂർ**

## നവാഗതർക്ക് സ്വാഗതം!

## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

എട്ടാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്.



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

## ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

25000 രൂപയുടെ ഒന്നും ര ്ടും കുറികൾ വട്ടമെത്തുന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി.സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുകയാണ്. വട്ടമെത്തുന്ന കുറിയിൽ അംഗങ്ങളായിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ **9446322416** ബന്ധപ്പെടുക.

## യാത്രയയപ്പ്

എസ്.ബി.ഐ. കോട്ടയം സിവിൽ സ്റ്റേഷൻ ശാഖയിലെ മൊത്തം ജീവനക്കാരും ചേർന്ന് ശ്രീമതി. നീന സൈമണിന് ഒരുക്കിയ യാത്രയയപ്പ് സമ്മേളനത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന കമ്മറ്റിയംഗം ശ്രീമതി.റൈസാ ബീഗം പങ്കെടുത്തു. ശ്രീമതി. നീന സൈമണെ സംഘടനയിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു.




എസ്.ബി.ഐ.സിവിൽ സ്റ്റേഷൻ ശാഖയിലെ ചീഫ് അസ്സോസിയേറ്റ് നീന സൈമൺന്റെ യാത്രയയപ്പ് വേളയിൽ



എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ സംസ്ഥാന കമ്മറ്റിയംഗം ശ്രീമതി. റൈസാ ബീഗം (വലത്ത് നിന്ന് രണ്ടാമത്) കോട്ടയം സിവിൽ സ്റ്റേഷൻ ശാഖയിലെ ശ്രീമതി. നീന സൈമണിന് ഒരുക്കിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ.

## കായംകുളം ഏരിയാ കമ്മറ്റി മീറ്റിംഗ്

2020 മാർച്ച് 10-ാം തിയതി കായംകുളം ലയൺസ് ഹാളിൽ വച്ച് കായംകുളം ഏരിയ കമ്മറ്റി യോഗം നടന്നു. ജില്ലാ സെക്രട്ടറി ശ്രീ.ജയപ്രകാശ് ഏരിയാ കൺവീനർ ശ്രീ. രാഘവൻ എന്നിവർ നേതൃത്വം നല്കി.



**കായംകുളം ഏരിയാ കമ്മറ്റി മീറ്റിംഗ് വേദിയിൽ ഡി.ജി.എസ്. മാത്യു അടക്കമുണ്ടക്കൽ, ആലപ്പുഴ ജില്ലാ വൈസ് പ്രസിഡന്റ് തോമസ്.പി. മാത്യു, മാവേലിക്കര ആർ.ബി.ഒ. എച്ച്.ആർ. മാനേജർ സുരേഷ് എന്നിവർ.**



**സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ബി. സി. ഉണ്ണികൃഷ്ണൻ നായർ കായംകുളം ഏരിയാ കമ്മറ്റി സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നു.**

# മംഗളാശംസകൾ

**കെ.രാജീവൻ, പ്രസിഡന്റ്**
**എസ്ബിഐ.പെൻഷനേഴ്സ്**
**അസോസിയേഷൻ**



പ്രിയപ്പെട്ടവരെ,

ഇന്ന് മാർച്ച് 31. തിരുവനന്തപുരം സർക്കിളിലെ 56 പേർ സർവീസ് പൂർത്തിയാക്കി നമ്മുടെ ബാങ്കിൽ നിന്നും പടിയിറങ്ങുകയാണ്. അവരെ സംബന്ധിച്ചിടത്തോളം വ്യക്തി ജീവിതത്തിലെ അത്യപൂർവമായ ചില നിമിഷങ്ങൾ ആലേഖനം ചെയ്ത ഒരു ദിവസ മാണിത്. അതുകൊണ്ട് തന്നെ ഏറെക്കാലം ഓർമ്മകളിൽ സൂക്ഷിക്കാൻ പാകത്തിൽ ഈ വിടപറയൽ ചടങ്ങ് ഒരുക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നു നമ്മളേവരും. കേരളത്തിലങ്ങോളമിങ്ങോളമുള്ള ശാഖകളിൽ നടത്താറുള്ള ഈ യാത്രയയപ്പ് ചടങ്ങുകളിൽ എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷന്റെ നിറസാന്നിദ്ധ്യവും പങ്കാളിത്തവും ഉണ്ടായിരുന്നു. ദൗർഭാഗ്യവശാൽ കോവിഡ് 19 മഹാമാരിയുടെ ഭയാശങ്കകൾ കനംതൂങ്ങിനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ സമുചിതമായ ഒരു യാത്രയയപ്പിന് കഴിയാതെ വന്നിരിക്കുന്നു. ഇന്ന് ജോലിയിൽ നിന്നും വിരമിച്ചു പടിയിറങ്ങുന്ന പ്രിയ സഹോദരീ സഹോദരന്മാർക്ക് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഊഷ്മളമായ ആശംസകൾ അറിയിക്കുന്നതോടൊപ്പം തന്നെ ഏവരേയും ഈ മഹത്തായ സംഘടനയിലേക്ക് സർവാത്മനാ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

വിശ്വസ്തതയോടെ,
കേരള.



SBI QUICK: MISSED CALL & SMS BANKING — Annexure-III

STANDARD OPERATING PROCEDURE (SOP) FOR ALL MOBILE PHONES INCLUDING FEATURE PHONES (NON-APP USAGE)

SBI Quick services can only be activated for the mobile number that is registered for a particular one SB/CA/CC/OD Account with the Bank.

SMS & Missed Call to be given from the registered mobile number.

**REGISTRATION**
SMS "REG<space> Account Number" to **09223488888**. You will receive an SMS informing successful registration for the facility.

**BALANCE ENQUIRY**
Give a Missed Call or send an SMS "BAL" to **09223766666**. You will receive an SMS informing last balance in your a/c.

**MINI STATEMENT**
Give a Missed Call or send an SMS "MSTMT" to **09223866666**. You will receive an SMS informing last balance and last 5 transactions in your a/c.

**Other Services Available under SBI Quick**

**BLOCK ATM CARD**
Send an SMS "BLOCK<space>XXXX" to 567676
(XXXX represents last 4 digit of the card number)

**HOME/EDU LOAN INT CERT**
Send SMS HLI or ELI <space>Loan A/c No. <Space>4 digit password to **09223588888** to get your Home or Edu Loan Int. e-Certificate as a password protected PDF file on your registered **email id**.

**CHEQUE BOOK Request**
Send message "**CHQREQ**" to **09223588888**. You will receive an SMS. Please send Consent SMS (CHQACC<space>Y <space> 6 digit No. received in SMS) to 09223588888 within 2 hours of receipt of SMS for further processing.

**ATM CARD USAGE CONTROL**
Send an SMS "SWON/SWOFF<space>ATM<space>XXXX" to **09223966666** (Activate/Deactivate ATM usage)
Send an SMS "SWON/SWOFF<space>POS<space>XXXX" to **09223966666** (Activate/Deactivate POS usage)
Send an SMS "SWON/SWOFF<space>ECOM<space>XXXX" to **09223966666** (Activate/Deactivate e-commerce usage)
Send an SMS "SWON/SWOFF<space>INTL<space>XXXX" to **09223966666** (Activate/Deactivate International usage)
Send an SMS "SWON/SWOFF<space>DOM<space>XXXX" to **09223966666** (Activate/Deactivate Domestic usage)
XXXX represents last 4 digit of the ATM Card number

**LOAN SCHEME ENQUIRY**
Send an SMS "HOME" or "CAR" to **09223588888**

**FULL LIST OF SERVICES**
Send an SMS "HELP" to **09223588888**

**DE-REGISTRATION**
Send an SMS "DREG<space>Account Number" to **09223488888**

balance and the last 5 transactions from the safety and comfort of your hom...
കൂടുതൽ കാണുക




1,935 45 അഭിപ്രായങ്ങൾ • 784 പങ്കിടലുകൾ

ആപ്പ് ഉപയോഗിക്കുക ...

**SBI Notice**

In view of the COVID 19 scenario, restrictions as advised below have been put in place at the branches with immediate effect.

- No account opening
- No passbook printing
- No cash withrawals in accounts where ATM cards are provided
- No exchange of notes
- No cash deposits below 1 lakh

Please place your requests for the following services in the box kept outside for the purose. The branch staff will contact you on your phone number, in case of need.

Requests for ATM cards, Cheque Books, Account Statements, KYC updsation, Adhar Card linking

Clearing/collection cheques to be kept in the designated box kept outside

CS Scanned with CamScanner

# കണ്ണീർ പ്രണാമം!!!

## മോനി സാമുവേൽ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗവും കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി അംഗവുമായ ശ്രീമതി.ആച്ചിയമ്മ എബ്രാഹാമിന്റെ ഭർത്താവ് മോനി സാമുവേൽ

നിര്യാതനായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുന്നിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷന്റെ കണ്ണീർ പ്രണാമം.




## എം.വി.യോഹന്നാൻ നിര്യാതനായി.

റിട്ട. എസ്.ബി.റ്റി. സ്പെഷ്യൽ അസിസ്റ്റന്റ് എം.വി. യോഹന്നാൻ നിര്യാതനായി. സംസ്കാരം വസതിയിലെ ശിശ്രൂഷക്ക് ശേഷം പാത്താമുട്ടം സ്ലീബാ പള്ളി സെമിത്തേരിയിൽ നടത്തി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസി യേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.



എം.വി. യോഹന്നാൻ

## കെ.പി.രാജൻ



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് യൂണിറ്റ് അംഗം എസ്.ബി.ഐ. റിട്ട. ഉദ്യോഗസ്ഥൻ കാട്ടറപ്പൊയിൽ കെ.പി.രാജൻ (63) അന്തരിച്ചു. ഭാര്യ അനിത, മകൻ അരുൺ രാജ്, മരുമകൾ ഷിംന. അദ്ദേഹത്തിന്റെ അകാല വിയോഗത്തിൽ ദുഖിതരായ കടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു.

## നിര്യാതനായി
## ശ്രീ. ചറിയാൻ.കെ.എം.



ചെറിയാൻ.കെ.എം. ക ത്തിൽ വീട്, പഴങ്ങനാട്, കിഴക്കമ്പലം, എറണാകുളം

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം ചെറിയാൻ. കെ.എം. ക ത്തിൽ വീട്, പഴങ്ങനാട്, കിഴക്കമ്പലം, എറണാകുളം(77) റിട്ടയേർഡ് മാനേജർ നിര്യാതനായി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുകയും ചെയ്യുന്നു.

## ആദരാഞ്ജലികൾ!!
## ശ്രീമതി.മറിയം മത്തായി

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം എസ്.ബി.ഐ. മോനിപ്പള്ളി റിട്ട. ഉദ്യോഗസ്ഥ വി.സി. മേരിയുടെ ഭർതൃ മാതാവ് മറിയം മത്തായി (94) നിര്യാതയായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. സംസ്കാരം വസതിയിലെ ശിശ്രൂഷക്ക് ശേഷം കറവിലങ്ങാട് ഫൊറോന പള്ളി സെമിത്തേരിയിൽ നടത്തി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.



ശ്രീമതി.മറിയം മത്തായി

## ദിവംഗതനായി
## ബെഞ്ചമിൻ ചെറിയാൻ

എസ്.ബി.ഐ. ചെന്നൈ ശാഖയിലെ ഡെ. ജനറൽ മാനേജരായ ബെഞ്ചമിൻ ചെറിയാൻ (57) നിര്യാതനായ വിവരം വ്യസന സമേതം റിപ്പോർട് ചെയ്യുന്നു.



ബെഞ്ചമിൻ ചെറിയാന്റെ ദീപ്ത സ്മരണയ്ക്ക് മുന്നിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ കണ്ണീർ പ്രണാമം!!!




ബെഞ്ചമിൻ ചെറിയാൻ കുന്നംകുളം ശാഖയിൽ മാനേജർ (പി.ബി.ഡി) ആയിരുന്ന കാലം മുതലേയുള്ള സൗഹൃദം. പിന്നീട് കണ്ണൂർ റീജിയണൽ ഓഫീസിൽ ബോസ്സായി വന്നപ്പോഴും തുടർന്നുപോന്നു. ചില ഇന്റർവ്യൂ ബോർഡുകളിൽ ഒരുമിച്ച് അംഗങ്ങളായിരുന്നതും ഓർമ്മയിലേയ്ക്ക് തിരയടിച്ചെത്തുന്നു. പ്രസരിപ്പാർന്ന ചിരിയും ചടുലമായ പ്രവർത്തനങ്ങളും കൊണ്ട് വേറിട്ട വ്യക്തിത്വം. ഇനിയുമൊരിക്കലും കാണാനാവുകയില്ലെന്ന് വിശ്വസിക്കുവാനേ കഴിയുന്നില്ല. പ്രിയപ്പെട്ട ബെഞ്ചമിന് കണ്ണീരോടെ വിട...

എം.ജി. രാഘവൻ
ജില്ലാ പ്രസിഡന്റ്

## തൃക്കൂക്കാരൻ റാഫേൽ (വാറുണ്ണി)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ യൂണിറ്റ് അംഗം തൃക്കൂക്കാരൻ റാഫേൽ (വാറുണ്ണി) (75) റിട്ടയേർഡ് എസ്.ബി.ഐ. ഉദ്യോഗസ്ഥൻ നിര്യാതനായി.




എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുകയും ചെയ്യുന്നു.

## കെ.സി.വർഗീസ്

എസ്,ബി,ഐ, മുൻ ഉദ്യോഗസ്ഥൻ മീന്തലക്കര കണിയാരേത്ത് കെ.സി.വർഗീസ് (ബാബു – 76) അന്തരിച്ചു. എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖ

ത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.



**ശ്രീ.കെ.സി.വർഗീസ്**

## ശ്രീ.എസ്.എൻ.ജി.നമ്പൂതിരി



കോട്ടയം സോണൽ ഓഫീസിൽ നിന്നും ഓഫ്സറായി റിട്ടയർ ചെയ്ത ശ്രീ. എസ്.എൻ. ജി.നമ്പൂതിരി നിര്യാതനായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. ഭാര്യ ശ്രീമതി. വി.എസ്.ഉഷ. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.

## പത്രാധിപസമിതി

### രക്ഷാധികാരി

ശ്രീ.മാത്യു അടയ്ക്കമുണ്ടക്കൽ

മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ
ശ്രീ.പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ. കെ.പാപ്പച്ചൻ


P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.